കുറ്റ്യാടി ജലസേചനപദ്ധതിയുടെ കീഴിലുള്ള കനാലിന്റെ അറ്റകുറ്റപ്പണികൾ

35 (260) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചനപദ്ധതിയുടെ കീഴിലുള്ള കനാലിന്റെ അറ്റകുറ്റപ്പണികൾക്ക് സർക്കാർ പണം അനുവദിച്ചിട്ടുണ്ടോ ;

(ബി) അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് ഈ വർഷം വെള്ളം തുറന്നുവിടാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൃഷി നശിച്ചുപോകാതിരിക്കാൻ സർക്കാർ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 16-02-2001-ൽ കൂടിയ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ കനാൽ തുറക്കുന്ന തീയതി 26-02-2001 ആയി നിശ്ചയിച്ചിട്ടുണ്ട്.

പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലിലെ ചോർച്ച

36 (261) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുഴ പഞ്ചായത്തിൽ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലിന്റെ പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ മുതൽ പെരിങ്ങാലഭാഗം വരെയുള്ള ചോർച്ച തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതുമൂലം ഈ പഞ്ചായത്തിലെ ഊറിക്കടവ് പുഞ്ചയിൽ വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എം.സി. റോഡിൽ പഞ്ചായത്ത് ജംഗ്ഷനും പെരളശ്ശേരിക്കും ഇടയിൽ വെള്ളം കയറി റോഡ് ഗതാഗതം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കനാലിന്റെ ചോർച്ച തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly